# DIGITAL KERALA

*An IT Mission Newsletter*

KERALA STATE IT MISSION




The Government of Kerala acknowledges the critical importance of Information Technology as an instrument for the State's overall development and remains deeply committed to its dissemination, both as a crucial engine of economic growth and as a tool for increasing productivity, speed & transparency in governance and improved quality of life for the common man. Kerala State IT Mission (KSITM) performs diverse roles including, e-governance and development of human resources, disseminating information across citizens and Government, interfacing between Government and industry, bridging digital divide, investor interactions and achieving speed and transparency in governance. The activity of thrust is e-governance; conceptualization and implementation have been guided by citizen centricity and enhancing citizens' efficiency. Responsiveness of the governments to the trends of this digital revolution, its drive to enable this transformation in the governance will be critical in determining the citizen orientation of the government, its ability to spur the economic development of the society. Government of Kerala, in consonance with this, in its latest IT policy envisioned establishing knowledge powered Digital Kerala to enable Digital lifestyle for all the citizens through application of digital technologies in the areas of Digital Citizenship within the governing principles of ubiquity, inclusion, freedom. The policy also lays out establishment of a citizen centric digital government to persistently improve service delivery standards and service quality through adoption of latest digital technologies.

**Dr. Chithra S IAS**
Director-Kerala State IT Mission.




The Open Group Annual Summit 2019 organized by Department of E&IT.

## മാപ്പത്തോണിൽ അണി ചേരുക, നമുക്ക് നിർമ്മിക്കാം നമ്മുടെ ഭൂപടം

പ്രാദേശിക ഭൂപട രേഖീകരണത്തിനായി കേരള ഐടി മിഷൻ 'മാപ്പത്തോൺ കേരളം' എന്ന ക്രൗഡ് സോഴ്സിംഗ് ദൗത്യത്തിനു തുടക്കമിട്ടു.

സംസ്ഥാനത്തിലെ എല്ലാ പ്രദേശങ്ങളിലേയും ഭൗതിക അടിസ്ഥാന സൗകര്യങ്ങളേയും പ്രകൃതി വിഭവങ്ങളേയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി മുഖ്യമന്ത്രി ശ്രീ പിണറായി വിജയനാണ് ഉദ്ഘാടനം ചെയ്തത്.

**'നമുക്ക് നമ്മുടെ ഭൂപടം നിർമിക്കാം'** എന്ന ആശയത്തിൽ അധിഷ്ഠിതമാണ് ഈ പദ്ധതി. ഇതിലൂടെ നാം പ്രാദേശിക ഭൂപടങ്ങൾ നിർമിക്കും



## കേരളം സ്മാർട്ടാകുന്നു; 2000 കേന്ദ്രങ്ങളിൽ ഇനി സൗജന്യ വൈഫൈ! കെ ഫൈ.

സംഥാന സർക്കാരിന്റെ സൗജന്യ ഇന്റർനെറ്റ് സംവിധാനം; 1 ജിബി ഡാറ്റ തികച്ചും സൗജന്യം. എല്ലാ ജില്ലകളിലെയും തെരെഞ്ഞെടുത്ത പൊതു ഇടങ്ങളിലാണ് ഇത് ലഭ്യമാക്കിയിട്ടുള്ളത്. ജനങ്ങൾ കൂടുന്ന ബസ്സ്റ്റാന്റ്, ജില്ലാ ഭരണ കേന്ദ്രങ്ങൾ, പഞ്ചായത്തുകൾ, പാർക്കുകൾ, സർക്കാർ ഓഫീസുകൾ തുടങ്ങിയ ഇടങ്ങളിലാണ് ഇത് ലഭ്യമാകുക. പൊതുജനങ്ങൾക്ക് അവരുടെ ലാപ്ടോപ്പ്, മൊബൈൽ എന്നിവയുപയോഗിച്ച് ഇനി ഈ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാം അങ്ങനെ ആവശ്യാനുസരണം സേവനങ്ങളും ലഭ്യമാക്കാം, അതോടൊപ്പം ആവശ്യാനുസരണം ബില്ല് പേയ്മെന്റുകളും നടത്താം. ഹോട്സ്പോട്ടില് എത്തിച്ചേർന്നാൽ മൊബൈലിലെ വൈഫൈ ഓൺ ചെയ്യുക, എന്നിട്ടു കെഫൈ കേരളം ഗവണ്മെന്റ് ഫ്രീ വൈഫൈ കണക്ട് ചെയ്യുക. തുടർന്ന് നിങ്ങളുടെ മൊബൈൽ നമ്പർ കൊടുത്ത ശേഷം ലോഗിൻ ചെയ്യുക. തുടർന്ന് മൊബൈലിൽ ലഭിക്കുന്ന പിന് നമ്പർ കൊടുത്തു ബ്രൗസിംഗ് തുടങ്ങാം. ഈ സർക്കാർ വൈഫൈ സംവിധാനം തികച്ചും സൗജന്യമാണ്. തീരദേശ മേഖലയിലും കെ ഫൈ സംവിധാനം ഇപ്പോൾ ലഭ്യമാണ്. ഏകദേശം രണ്ടായിരത്തോളം പൊതു ഇടങ്ങളിൽ കെ ഫൈ സംവിധാനം ഇപ്പോൾ ലഭ്യമാണ്. സർക്കാർ സേവനങ്ങളും വിവരങ്ങളും അനുബന്ധ കാര്യങ്ങളും തികച്ചും സുതാര്യവും എളുപ്പവുമായി ജനങ്ങൾക്ക് ലഭ്യമാക്കുക, അഥവാ വിരൽ തുമ്പിൽ ലഭ്യമാക്കുക എന്നതാണ് ഇത് കൊണ്ട് അർഥമാക്കുന്നത്. ഐടി വകുപ്പിന് കീഴിൽ സംസ്ഥാന ഐടി മിഷനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് .

## നാല് കോടിയിൽ പരം ഡിജിറ്റൽ സർട്ടിഫിക്കറ്റുമായി ഈ ഡിസ്ട്രിക്ട് പദ്ധതി- ഇ ഡിസ്ട്രിക്ക്

കേരള സർക്കാരിന്റെ ഐ ടി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഐ ടി മിഷൻ നടപ്പിലാക്കി വരുന്ന ഒരു ജനകീയ പദ്ധതിയാണ് ഇ-ഡിസ്ട്രിക്ക്. 2010 ലാണ് കേരള സർക്കാർ ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി വഴി വിവിധ സർക്കാർ വകുപ്പുകളുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാണ്. പൊതുജനങ്ങൾക്ക് https://.edistrict.kerala.gov.in എന്ന വെബ്സൈറ്റ് വഴി പോർട്ടൽ യൂസർ സൗകര്യം ഉപയോഗിച്ചോ തൊട്ടടുത്ത അക്ഷയ കേന്ദ്രങ്ങൾ വഴിയോ വിവിധ സേവനങ്ങൾക്ക് അപേക്ഷിക്കാവുന്നതാണ്.

### ഇ-ഡിസ്ട്രിക്ടിലൂടെ ലഭിക്കുന്ന സേവനങ്ങൾ:

- ❑ വില്ലേജ്, താലൂക്ക് ഓഫീസുകൾ വഴി നൽകുന്ന സർട്ടിഫിക്കറ്റ് സേവനങ്ങൾ.
- ❑ വനം വകുപ്പിൽ നിന്നും ലഭിക്കുന്ന വന്യജീവി ആക്രമണ നാശനഷ്ട പരിഹാര സേവനങ്ങൾ.
- ❑ പൊതുജന പരാതികൾ തീർപ്പാക്കൽ. ലൈഫ് മിഷനുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കൽ.
- ❑ വൈദ്യുതി, വെള്ളം, ബി എസ് എൻ എൽ ടെലിഫോൺ തുടങ്ങിയവയുടെ പണമൊടുക്കൽ.
- ❑ വിവിധ ക്ഷേമ നിധി ബോർഡുകളിലേക്കുള്ള പണമിടപാടുകൾ.
- ❑ വിവരാവകാശ സേവനങ്ങൾ.

### ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഗുണങ്ങൾ

- സർക്കാർ ഓഫീസുകളിലെ നീണ്ട ക്യൂ ഇല്ലാതാവുന്നു .
- പൊതുജനങ്ങൾക്ക് വീടുകളിൽ നിന്നും തന്നെ അപേക്ഷിക്കുവാനും, സേവനം ലഭ്യമാകുകയും ചെയ്യുന്നു .അതുവഴിസമയലാഭംഉണ്ടാകുന്നു
- ആധാർ നമ്പർ നല്കിയിട്ടുള്ളവരുടെ സർട്ടിഫിക്കറ്റ്സ് ഡിജിലോക്കറിൽ സൂക്ഷിച്ചിരിക്കുന്നു.

## ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ നേട്ടങ്ങൾ

- സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കി.
- നിലവിൽ 4.1 കോടി സർട്ടിഫിക്കറ്റ്സ് ഈ പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്.
- നിഹിലാന്റ് അവാർഡ്, സ്കോച്ച് അവാർഡ് തുടങ്ങീ നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട് .

വിവിധ വകുപ്പുകളുടെ മറ്റുസേവനങ്ങളും കൂടി ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

## നൂറോളം സർക്കാർ സേവനങ്ങളുമായി ഒരു മൊബൈൽ ആപ്പ്!
## വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ ഒറ്റ അപ്പിലാക്കി ഐടി മിഷൻ !

വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ കോർത്തിണക്കി "എംകേരളം" എന്ന കേരള സർക്കാർ മൊബൈൽ ആപ്ലിക്കേഷൻ ജനങ്ങളിലേക്ക്. 17 ഓളം വകുപ്പുകളുടെ നൂറോളം സേവനങ്ങളാണ് ഈ ഘട്ടത്തിൽ എം- കേരളത്തിലൂടെ ലഭ്യമാക്കുന്നത്. പ്രസ്തുത ആപ്ലിക്കേഷനിലൂടെ വൈദ്യുതി ബിൽ, വെള്ളക്കരം, കാലിക്കറ്റ് യൂണിവേഴ്സിറ്റി യുടെ സേവനങ്ങൾ എന്നിവയ്ക്ക് പുറമേ റവന്യൂ വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, ലോട്ടറി വകുപ്പ്, തപാൽ വകുപ്പ്, ടൂറിസം, ആരോഗ്യ വകുപ്പ് മുതലായവയുടെ സേവനങ്ങളും ലഭ്യമാകും. വിവിധ സർക്കാർ സ്കീമുകളെ കുറിച്ചുള്ള വിവരങ്ങളും ഇത് വഴി ലഭിക്കുന്നതാണ്. ആൻഡ്രോയിഡ്, ഐഫോൺ പ്ലാറ്റഫോമിൽ തയ്യാറാക്കുന്ന ഈ ആപ്ലിക്കേഷനിൽ നിലവിലുള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ എല്ലാ സേവനങ്ങളും ഉൾക്കൊള്ളാൻ തക്ക നൂതന സാങ്കേതിക വിദ്യയാണ് സ്വീകരിച്ചിട്ടുള്ളത്. സേവനങ്ങളുടെ ലഭ്യതക്കായി ഫീസ് അടയ്ക്കാൻ എല്ലാ പ്രമുഖ ബാങ്കുകളെയും ഇന്റർനെറ്റ്ബാങ്കിങ്, ഡെബിറ്റ്കാർഡ്, ക്രെഡിറ്റ്കാർഡ് എന്നി സംവിധാനവും ഉപയോഗിക്കാവുന്നതാണ്.

കേരള സർക്കാരിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏക ജാലക സംവിധാനമായി ഈ ആപ്ലിക്കേഷൻ പ്രവർത്തിക്കും. ഒരൊറ്റ ലോഗിൻ ഉപയോഗിച്ച് വിവിധ വകുപ്പുകളുടെ സർട്ടിഫിക്കറ്റ് സേവനങ്ങൾ, പേയ്മെന്റ് സേവനങ്ങൾ എന്നിവ ജനങ്ങൾക്ക് പ്രാപ്യമാകും. പ്രസ്തുത ആപ്ലിക്കേഷൻ സ്റ്റേറ്റ് പോർട്ടലുമായി സമന്വയിപ്പിച്ചിട്ടുള്ളതിനാൽ സ്റ്റേറ്റ് പോർട്ടൽ ഉപഭോക്താവിന് അതേ ലോഗിൻ വിവരങ്ങൾ മുഖേന എം-കേരളം ആപ്ലിക്കേഷനും ഉപയോഗിക്കാവുന്നതാണ്.

സർക്കാരിന്റെ സൗജന്യ വൈഫൈ സംവിധാനമായ കെ ഫൈ നിലവിൽ വന്നതോടെ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നവർക്ക് ഇനി മുതൽ പൊതു ഇടങ്ങളിൽ നിന്നും 1 ജിബി ഡാറ്റ സൗജന്യമായി ലഭ്യമാക്കാവുന്നതാണ്. അത് വഴി എംകേരളം മൊബൈൽ ആപ്പ് സൗകര്യ പൂർവം പ്ലെയ്സ്റ്റോറിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്.

## നനയില്ല, നശിക്കില്ല! സർക്കാർ രേഖകൾ ഇനി ടിജിലോക്കറിൽ സുരക്ഷിതം

ഡിജിറ്റൽ ഇന്ത്യ സംരംഭത്തിൽ സർക്കാരിന്റെ ഇലക്ട്രോണിക്സ്, ഐടി മന്ത്രാലയം നൽകുന്ന ഒരു ഓൺലൈൻ സേവനമാണ് ഡിജിലോക്കർ. ഓരോ ഇന്ത്യൻ പൗരനും അവരവരുടെ അവശ്യ രേഖകൾ അഥവാ ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, ഡിജിറ്റൽ ഫോർമാറ്റിലുള്ള അക്കാദമിക് മാർക്ക് ലിസ്റ്റ് പോലുള്ള ആധികാരിക രേഖകൾ / മറ്റു സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ സൂക്ഷിക്കാൻ ക്ളൗഡിൽ ഒരു അക്കൗണ്ട് നൽകുക എന്നതാണ് ഗവണ്മെന്റ് ഡിജിലോക്കർ എന്ന സംവിധാനത്തിലൂടെ

ഉദ്ദേശിച്ചിട്ടുള്ളത്. ഓരോ അക്കൗണ്ടിനും 1 ജിബി സംഭരണ ഇടവും ഈ സംവിധാനത്തിലൂടെ ലഭ്യമാകുന്നു. പൊതുജനങ്ങൾക്ക് അവരവരുടെ വ്യക്തിഗത രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിലേക്കുള്ള ഒരു സംവിധാനമാണ് ഡിജിറ്റൽ ലോക്കർ (http://digitallocker.gov.in) ഇ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ ഇനം സർടിഫിക്കറ്റുകൾ, മറ്റു രേഖകൾ എന്നിവ അവ ലഭ്യമാകുന്ന മുറക്ക് അവയുടെ പകർപ്പ് ഡിജിറ്റൽ ലോക്കറിലേക്ക് സൂക്ഷിക്കുവാനും, പിന്നീട് അവയുടെ ആവശ്യാനുസരണം ലോക്കറിൽ നിന്നും ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാനും സാധിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത. ഇത്തരത്തിൽ ഒരു വ്യക്തിക്ക് ഡിജിറ്റൽ ലോക്കർ അക്കൗണ്ട് തുടങ്ങുന്നതിനു ആ വ്യക്തിയുടെ ആധാർ നമ്പറോ മൊബൈൽ നമ്പറോ മാത്രമാണ് ആവശ്യമായി വരുന്നത്. യൂസർ ഐഡി, പാസ്സ്‌വേർഡ് ഉപയോഗിച്ചും, ആധാർ നമ്പർ ഉപയോഗിച്ചും ഒരാൾക്ക് ഡിജിലോക്കർ അക്കൗണ്ട് തുടങ്ങാവുന്നതാണ്. ആധാർ നമ്പർ ഉപയോഗിക്കുന്നതിലൂടെ നമുക്കാവശ്യമായ സർട്ടിഫിക്കറ്റുകളും രേഖകളും നമുക്ക് പുള്ള് ചെയ്തു എടുക്കാൻ സാധിക്കുന്നു. എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ഡിജിറ്റൽ ലോക്കർ അക്കൗണ്ട് തുറക്കുന്ന തിനായുള്ള സംവിധാനങ്ങൾ ഒരുക്കിട്ടുണ്ട്. www.digital-locker.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ഏതൊരു വ്യക്തിക്കും ഈ സംവിധാനം ഉപയോഗിക്കാവുന്നതുമാണ്. ഇത്തരത്തിൽ വ്യക്തിഗത സർട്ടിഫിക്കറ്റുകളും മറ്റു രേഖ കളും ഡിജിറ്റൽ ലോക്കറിൽ വളരെ സുരക്ഷിതമായി സൂക്ഷി ക്കുന്നതിനോടപ്പം ഭാവിയിൽ തൊഴിൽ സംബന്ധമായോ, മറ്റെന്തെങ്കിലും ആവശ്യങ്ങൾ ക്കായോ അപേക്ഷ സമർപ്പി ക്കേണ്ടി വരുമ്പോൾ സർട്ടിഫി ക്കറ്റുകളുടെ പകർപ്പ് നൽകു ന്നതിന് പകരം ആധാർ നമ്പർ മാത്രം നൽകിയാൽ മതിയാകും ഇങ്ങനെ ലഭ്യമാകുന്ന ആധാർ നമ്പർ ഉപയോഗിച്ച് വ്യക്തിക്കോ /സ്ഥാപനത്തിനോ ഡിജിറ്റൽ

## ആധാർ പേരുചേർക്കൽ (എൻറോൾമെൻറ്) ചെയ്യാൻ വേണ്ട വിവരങ്ങൾ.

പ്രായം/ലിംഗ ഭേദമെന്യേ, ഭിന്ന ശേഷിക്കാർ ഉൾപ്പെടെ എല്ലാവർക്കും ആധാർ എൻറോൾമെൻറ് ചെയ്യാവുന്നതാണ്.

5 വയസ്സിലും 15 വയസ്സിലും നിർബന്ധിത ബയോമെട്രിക് പുതുക്കൽ നടത്തേണ്ടതാണ്. തിരഞ്ഞെടുത്ത അക്ഷയ കേന്ദ്രങ്ങളിൽ ചെയ്യാം. തിരഞ്ഞെടുത്ത അക്ഷയകേന്ദ്രങ്ങളുടെ പൂർണ വിവരങ്ങൾക്ക് താഴെ പറയുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. http://akshaya.kerala.gov.in/centers?service=1&district=all&panchayath=all നിരക്ക് പൂർണമായും സൗജന്യം.

**വേണ്ട രേഖകൾ:** ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ കാർഡ്, പാസ്പോർട്ട്, അംഗീകൃത ലിസ്റ്റിലുള്ള മറ്റ് ഇന്ത്യൻ രേഖകൾ എന്നിവയുടെ ഒറിജിനൽ ഉപയോഗിക്കാവുന്നതാണ്. രേഖകൾ ഇല്ലാത്തവർക്ക് ലെറ്റർപാഡിലുള്ള സാക്ഷ്യ പത്രം താഴെ പറയുന്നവരിൽ നിന്നും ലഭ്യമാക്കാവുന്നതാണ്:

ജനന തീയതിയ്ക്ക് വേണ്ടിയുള്ള സാക്ഷ്യ പത്രം (ഗ്രൂപ്പ് എ ഗസറ്റഡ് ഓഫീസർ മാരിൽ നിന്നും) മറ്റു വിവരങ്ങൾക്ക് വേണ്ടിയുള്ള സാക്ഷ്യ പത്രം (ഗസറ്റഡ് ഓഫീസർ, കൗൺസിലർ, എം.പി, എം.എൽ.എ, തഹസിൽദാർ എന്നിവരിൽ നിന്നും) ഉപയോഗിക്കാവുന്ന രേഖകളുടെ പൂർണ വിവരങ്ങൾ താഴെ പറയുന്ന ലിങ്കിൽ ലഭ്യമാണ്.

(https://uidai.gov.in/images/commdoc/valid_documents_list.pdf)

**ആധാർ ലഭിക്കാനുള്ള സമയം**- 10 മുതൽ 90 ദിവസം വരെ.

രൂപത്തിൽ തന്നെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കാവുന്ന താണ് ഓരോ ആവശ്യത്തിനും ഒന്നിലേറെ തവണ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സമർപ്പിക്കുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നു അതുപോലെ സ്ഥാപനങ്ങൾക്കും മറ്റു ഓഫീസുകൾക്കും അപേക്ഷകരുടെ സർട്ടിഫിക്കറ്റുകൾ സൂക്ഷിക്കേണ്ടി വരുന്നതുമില്ല. ഓരോ അക്കൗണ്ടിനും 1 ജിബി സംഭരണ ഇടവും ഈ സംവിധാനത്തിലൂടെ ലഭ്യമാകുന്നു. ഈ സംവിധാനം ഉപയോഗിക്കുന്നതിനു ഉപഭോകതാവിനു ആധാർ കാർഡ് ഒരു അത്യാവശ്യ ഘടകമാണു, ആധാർ കാർഡ് നമ്പറും അതോടൊപ്പം ആധാറുമായി ലിങ്ക് ചെയ്യിട്ട് ഉള്ള നമ്പറിൽ അയച്ച ഒറ്റ തവണ പാസ്സ്‌വേർഡും ഉപയോഗിച്ചു സൈൻ അപ്പ് ചെയ്യാവുന്നതാണ് പിന്നീടുള്ളലോഗിനുകൾക്ക് ഇഷ്ടമുള്ള പാസ്സ്‌വേർഡ് സെറ്റ് ചെയ്ത് ഉപയോഗിക്കാവുന്നതാണ് .അപ്‌ലോഡിനായുള്ള വ്യക്തിഗത ഫയൽ വലുപ്പം 10 MB കവിയാൻ പാടില്ല. ഐടി വകുപ്പിന് കീഴിൽ സംസ്ഥാന ഐടി മിഷനാണ് ഇത് നടപ്പിലാക്കുന്നതു.

## സർക്കാർ ഖജനാവിലേക്ക്കോടികൾ ലാഭിച്ചു ഐടിമിഷന്റെ ഈ-ടെണ്ടർ സംവിധാനം.

വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടു ഗവണ്മെന്റ് തലത്തിലുള്ള സംഭരണ പ്രക്രിയകൾ ഏകോപിപ്പിക്കാനും ശക്തിപ്പെടുത്താനും ഓട്ടോമാറ്റ ചെയ്യാനുമായി കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് ഇ-പ്രൊക്യൂർമെൻറ്. ഇതിലൂടെ കൂടുതൽ കാര്യക്ഷമവും, സുതാര്യവും, ചെലവ് ചുരുങ്ങിയതും, ഉത്തരവാദിത്തമുള്ളതുമായ ഒരു സംഭരണ സംവിധാനം നിലവിൽ വന്നു. ഇക്കഴിഞ്ഞ കാലയളവിൽ സംസ്ഥാനം കൈവരിച്ച സാമൂഹ്യ സാമ്പത്തിക പുരോഗതിക്കു, സാങ്കേതിക വളർച്ചയോടും ഇ-പ്രൊക്യൂർമെൻറ് നോടും കടപ്പെട്ടിരിക്കുന്നു. ദ്രുതഗതിയിൽ വളർച്ചയുടെ പുതിയ മാനങ്ങൾ തേടുന്ന ഒരു മേഖലയാണ് ഇ-പ്രൊക്യൂർമെൻറ്. കഴിഞ്ഞസാമ്പത്തികവർഷത്തിൽ 44.28 കോടി സർക്കാരിലേക്ക് ഈ ടെൻഡർഫീ വഴിലഭിച്ചു. ഇതുവരെ 53 വകുപ്പുകളും 290 പി എസ് യു ക്കളും ചേർന്ന് 133341 കോടി മൂല്യമുള്ള 359137 ടെൻഡറുകൾ പ്രസിദ്ധീകരിച്ചു. 58602 ബിഡ്ഡേഴ്ട് ഇതിനോടകം ഇതിൽ രജിസ്റ്റർ ചെയ്തു. അതോടൊപ്പം 111718 ഓഫീസേഴ്സ് ഇതിൽ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. 16753 പേർക്ക് ഐറ്റിമിഷൻ പരിശീലനം നൽകി. 2016-17 സാമ്പത്തിക വർഷത്തിൽ 12798 കോടി മൂല്യമുള്ള 53962 ടെൻഡറുകൾ വിളിച്ചപ്പോൾ 2017-18 വർഷത്തിൽ 108778 ടെണ്ടറുകളിലൂടെ 30657 മൂല്യമുള്ള ടെൻഡറുകൾ പ്രസിദ്ധീകരിച്ചു. 2018-19 സാമ്പത്തിക വർഷത്തിൽ 367754 കോടി മൂല്യമുള്ള 108288 ടെൻഡറുകൾ പ്രസിദ്ധീകരിച്ചു. 172 കോടി സർക്കാർ ഖജനാവിലേക്ക് ഇടെണ്ടർ സംവിധാനം വഴി ഇതിനോടകം സ്വരുക്കൂട്ടിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ ടെൻഡറുകൾ പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ വകുപ്പാണ് (lsgd). 61800 ടെണ്ടറുകളിൽ നിന്നും 6610 കോടിമൂല്യമുള്ള ടെൻഡറുകൾ പ്രസിദ്ധീകരിച്ചു എൽഎസ്ജിദി മുന്നിലെത്തി. രണ്ടാമതായി 13214 ടെണ്ടറുകളിൽ നിന്നും 8640 കോടിമൂല്യമുള്ള ടെൻഡറുകൾ pwd പ്രസിദ്ധീകരിച്ചു. 3525 ടെണ്ടറുകളിൽ നിന്നും 447 കോടി നേടി വനംവകുപ്പും മൂന്നാമതെത്തി.

Tenders Kerala
e-Procurement system of Govt. of Kerala

## ഇനി സർക്കാരിന്റെ ഔദ്യോഗിക ഏകീകൃത വെബ്സൈറ്റ്! സ്റ്റേറ്റ് പോർട്ടൽ: www.kerala.gov.in




വിവിധ ഗവൺമെൻറ് ഡിപ്പാർട്ടുമെന്റുകൾ നല്കുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുക എന്ന ആശയം മുൻനിർത്തിയാണ് സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ എന്ന പ്രൊജക്റ്റ് വികസിപ്പിച്ചെടുത്തത്. പൊതുവായ സേവന ലഭ്യതാ സംവിധാനത്തിലൂടെ ഇത് സാധ്യമാക്കുകയും കാര്യക്ഷമത, സുതാര്യത, വിശ്വസ്തത എന്നിവ ഉറപ്പുവരുത്തുകയും ചെയ്യും. നവീകരിച്ച കേരള സംസ്ഥാന പോർട്ടൽ വഴി എല്ലാ ഗവൺമെൻറ് വകുപ്പുകളുടെയും സേവനങ്ങൾ ഒരു ഏക ജാലക സംവിധാനത്തിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. ഒരു യൂസർനെയിമും പാസ്സ്‌വേർഡ് വഴി എല്ലാ വകുപ്പുകളുടെയും സേവനങ്ങൾ ഇനി **kerala.gov.in** എന്ന ഒറ്റ വെബ്സൈറ്റിലൂടെ ലഭിക്കും. വെബ്സൈറ്റിൽ ആദ്യം രജിസ്റ്റർ ചെയ്യണം, തുടർന്ന് യൂസർനെയിമും പാസ്സ്‌വേർഡ് ഉപയോഗിച്ച് കയറാം. വിവിധ വകുപ്പുകളുടെ 58-ഓളം സേവനങ്ങളാണ് ഇതു വഴി ലഭ്യമാകുന്നത്. വൈദ്യുതി ബിൽ, വെള്ളക്കരം, യൂണിവേഴ്‌സിറ്റി ഫീസ് തുടങ്ങി നിരവധി സേവനങ്ങൾക്കുള്ള പണമടയ്ക്കാനും പുതിയ പോർട്ടൽ വഴി സാധ്യമാകുന്നതാണ്. ഇതിനായി ഇന്റർനെറ്റ് ബാങ്കിങ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് തുടങ്ങിയ സൗകര്യങ്ങൾ ലഭിക്കും. ഇന്റർനെറ്റ് ബാങ്കിങ്ങിലൂടെ പണമടയ്ക്കുന്നതിനു സേവന നിരക്കില്ല. പണമിടപാടിന്റെ വിവരങ്ങളും ലഭിക്കും. വിവിധ വകുപ്പുകളുടെ വെബ്സൈറ്റ്കളും അനുബന്ധ വിവരങ്ങളും അതോടൊപ്പം സർക്കാർ ഉത്തരവുകളും സ്റ്റേറ്റ് പോർട്ടലിൽ ഇപ്പോൾ ലഭ്യമാണ്. നവീകരിച്ച കേരള സംസ്ഥാന പോർട്ടൽ 2017 ജൂൺ മുതൽ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സ്റ്റേറ്റ് പോർട്ടൽ വഴി ജനങ്ങൾക്ക് സർക്കാരുമായി സംവദിക്കാനുള്ള ഒട്ടനവധി മാർഗ്ഗങ്ങൾ ലഭ്യമാണ്. ജനങ്ങൾക്ക് പുതിയ ആശയങ്ങൾ സമർപ്പിക്കുവാനും പദ്ധതിയെ കുറിച്ചുള്ള നിർദേശങ്ങൾ സമർപ്പിക്കുവാനും സാധിക്കും .ഇത് വഴി പൊതു ജന പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുന്നു.

## കേന്ദ്രീകൃത സംഭരണ നിരക്ക് അധിഷ്ഠിത കരാർ സംവിധാനം (സിപിആർസിഎസ്)

നിരക്ക് കരാറിനെ അടിസ്ഥാനമാക്കി ഒരു ഓൺലൈൻ സംഭരണ സംവിധാനം ആരംഭിക്കാനും സജ്ജീകരിക്കാനും 2017 നവംബറിൽ, സർക്കാർ നിർദ്ദേശിച്ചിരുന്നു, ഐടി ഉൽപ്പന്നങ്ങൾ സാധാരണയായി ലൈൻ ഡിപ്പാർട്ട്മെന്റുകൾ സ്വയംഭരണ സ്ഥാപനങ്ങൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവർ പുറമെ നിന്ന് വാങ്ങുകയാണ് ചെയ്യുക . സംസ്ഥാനത്ത് എല്ലാ വകുപ്പുകളും ഐടി സംഭരണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവന്നത് വിവിധ ഇ-ഗവേർണൻസ് പദ്ധതികൾ നടപ്പിലാക്കിയതു കാരണമാണു. ഇതൊരു ഓൺലൈൻ ഐടി സംവിധാനമാണ്, ഇതിൽ ഉപയോക്താവ് തനിയെ അവരുടെ ആവശ്യകത സൃഷ്ടിക്കുകയും, അവരുടെ വർക്ക് ഓർഡർ നൽകുകയും, പേയ്മെന്റ് ഓൺലൈനിൽ അയയ്ക്കുകയും ചെയ്യുന്നു. എഎംസി ഉൾപ്പെടെയുള്ള വിൽപനാനന്തര സേവനങ്ങളും ഓൺലൈനായി നടപ്പിലാക്കുന്നു.

ഉൽപ്പന്നങ്ങൾ / മോഡ്യൂളുകൾ അന്തിമമാക്കുന്നതിനുള്ള ജോലികളും അതിനുള്ള നിരക്കുകളും സർക്കാരിന്റെ ഇ-ടെൻഡറിംഗ് സംവിധാനം ഉപയോഗിച്ച് നടപ്പാക്കി. കേരളത്തിൽ; ഇത് 2018 മാർച്ചിൽ പൂർത്തിയായി. സർക്കാർ നിർദേശപ്രകാരം, എൽ 1 / എൽ 2 / എൽ 3 ബിഡ്ഡറുകൾക്കിടയിൽ ഇനങ്ങൾ വിതരണം ചെയ്തു, എൽ 2, എൽ 3 ബിഡ്ഡറുകൾ എൽഐ വിലയുമായി പൊരുത്തപ്പെടുന്നു, അതിനാൽ ഏതെങ്കിലും വെൻഡറുടെ കുത്തക / ലോക്കിംഗ് തടയാൻ സാധിക്കുന്നു.

സിപിആർസിഎസ് വഴി വിവിധ വകുപ്പുകളിലേക്ക് ഐടി ഉൽപ്പന്നങ്ങളുടെ വിതരണം 2018 ഏപ്രിലിൽ ആരംഭിച്ചു.

നിരക്ക് കരാർ സമ്പ്രദായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ :

ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ - ഉബുണ്ടു, വിൻഡോസ് ഒ.എസ്
ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ - ഉബുണ്ടു, വിൻഡോസ് ഒ.എസ്
പ്രിന്ററുകൾ -A3 & A4
ഫോട്ടോകോപ്പിയറുകൾ
യുപിഎസ് - 3 തരം

**സിപിആർസിഎസിന് കീഴിൽ ലഭിച്ച ഗുണങ്ങൾ ഇവയാണ്:**

- മാർക്കറ്റിൽ നിലവിലുള്ള നിരക്കിനേക്കാൾ വിലകൾ കുറവാണ്
- ഉപഭോക്താവ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത ലൊക്കേഷനിൽ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നു.
- 5 വർഷത്തേക്ക് എല്ലാ ഉൽപ്പന്നങ്ങൾക്കും സമഗ്രമായ വാറന്റി
- ലൈൻ വകുപ്പുകൾ / മറ്റ് ഉപയോക്താക്കൾക്കായി ഓൺലൈൻ പരാതി പരിഹാര സംവിധാനം.

ഐടി ഉൽപ്പന്നങ്ങൾക്കും ആക്സസറികൾക്കുമായി സംസ്ഥാനത്തെ വകുപ്പുകൾക്കും സർക്കാർ ഏജൻസികൾക്കുമായി ലോകോത്തര സംഭരണ അന്തരീക്ഷം സൃഷ്ടിക്കുക; ഓഫ്-ഷെൽഫ് ഷോപ്പിംഗ് അനുഭവത്തിന് സമാനമാണ്.

## ഇ-ഓഫീസ്

eOffice
A DIGITAL WORKPLACE SOLUTION

പരമ്പരാഗത രീതിയില് ഫയല് കൈകാര്യം ചെയ്യുന്നതിനു പകരമായി പൂര്ണ്ണമായും ഡിജിറ്റലായി ഫയല് കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാകുന്ന കടലാസ് രഹിത സംവിധാനമാണ് ഇ ഓഫീസ്. എന് ഐ സി വികസിപ്പിച്ചെടുത്ത ഇ ഓഫീസ് സോഫ്റ്റ്വെയര് സെക്രട്ടറിയേറ്റില് നടപ്പിലാക്കുവാന് 24.08.2013 ലെ സ.ഉ(കൈ) നം 10/2013/വി സ വ ഉത്തരവു പ്രകാരം തീരുമാനിക്കുകയുണ്ടായി.ഇതിന്പ്രകാരം 2014 ഫെബ്രുവരിയോടെ സെക്രട്ടേറിയറ്റില് ഇ-ഓഫീസ് നിലവില് വന്നു. 2017 ഓടുകൂടി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം പൂര്ണമായും നടപ്പിലാക്കി. ഇതിനുപുറമേ 14 കളക്ട്രേറ്റുകളിലും, 15 സബ് കളക്ടറേറ്റ്/ ആർ.ഡി.ഒ കളിലും 2 താലൂക്ക്കളിലും, 1 വില്ലേജിലും ഈ സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. 2019 എപ്രിലോട് കൂടി 63 ഡയറക്ടറേറ്റ്/ കമ്മിഷണറെറ്റ്/മറ്റ് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്

## IT സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ സബ്സിഡി-ഐ പി എം സി

കേരളത്തിൽ പ്രവർത്തിക്കുന്ന IT യൂണിറ്റുകൾക്ക് സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി (SIS) പ്രകാരം 25 ലക്ഷം രൂപ സബ്സിഡി ലഭിക്കും. സംസ്ഥാന ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് ആണ് IT മിഷൻ വഴി ആനുകൂല്യങ്ങൾ നൽകുന്നത്. 2016 ഡിസംബർ ഒന്ന് മുതൽ ആറു വർഷത്തേക്കാണ്. പ്രവർത്തനം തുടങ്ങിയിട്ട് കുറഞ്ഞത് അഞ്ചു വർഷമെങ്കിലും പിന്നിട്ട യൂണിറ്റുകൾക്കാണ് സബ്സിഡി ലഭിയ്ക്കുന്നത്. ആദ്യം IT മിഷന്റെ വെബ്സൈറ്റിലെ www.itmissionkerala.gov.in (KSITMipmc/home) എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം. എന്നിട്ട് പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട ഡോക്യുമെൻറ്സിനോടൊപ്പം കോർഡിനേറ്റിങ് ഓഫീസർക്ക് സമർപ്പിക്കുക.

## സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (സെകാൻ)

സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് (സെകാൻ) പദ്ധതി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ ഒരു സംരംഭമാണ്. കേരള സ്റ്റേറ്റ് ഐടി മിഷൻ വഴി സർക്കാർ സെക്രട്ടേറിയറ്റിൽ അത്യാധുനിക ഒ.എഫ്.സി അധിഷ്ഠിത നെറ്റ്വർക്ക് സ്ഥാപിക്കുക. അതിന്റെ അഡ്മിനിസ്ട്രേറ്റീവ് ആസ്ഥാനത്ത് ഐടി പ്രാപ്തമാക്കിയ സേവനങ്ങളുടെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്തുന്നതിന്. പഴയ നെറ്റ്വർക്കിന്റെ തടസ്സങ്ങൾ പരിഹരിച്ച് സർക്കാരിന്റെ ഭാവി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നെറ്റ്വർക്ക് ഉപകരണങ്ങൾ പൂർണ്ണമായി നവീകരിച്ചാണ് റീ എഞ്ചിനീയറിംഗ് പദ്ധതി നടപ്പിലാക്കുന്നത്. റീ-എഞ്ചിനീയറിംഗ് പ്രോജക്റ്റിൽ നെറ്റ്വർക്ക് ഓപ്പറേഷൻ സെന്റർ (എൻഒസി) റും ഉപകരണങ്ങളായ കോർ സ്വിച്ചുകൾ, വിതരണ സ്വിച്ചുകൾ, ആക്സസ് സ്വിച്ചുകൾ, അവസാന മൈൽ വരെ കേബിളിംഗ് എന്നിവ മാറ്റിസ്ഥാപിക്കുന്നു.

## ഗവണ്മെന്റ് കോൺടാക്ട് സെന്റർ-കേരള

വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾ ടെലിഫോൺ മുഖേന പരിഹരിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് 09.05.2005 – ലാണ് കേരള സർക്കാർ കോൾ സെന്ററായ 'സിറ്റിസൺ കോൾ സെന്റർ' പ്രവർത്തനം ആരംഭിച്ചത്. പ്രവർത്തന സമയം 24x7 എന്ന രീതിയിൽ ആണ് ക്രമീകരിച്ചിട്ടുള്ളത്. ഈ കോൾ സെന്ററിൽ നിന്നും സർക്കാരിന്റെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന കർമ്മ പരിപാടികൾ, പദ്ധതികൾ, ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, ജനങ്ങൾക്കുള്ള അവകാശങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ 24 മണിക്കൂറും ലഭ്യമാണ്. സംസ്ഥാന വിവര സാങ്കേതിക വകുപ്പിന്റെ നിയന്ത്രണത്തിൽ കേരള സംസ്ഥാന ഐ ടി മിഷനാണ് ഈ കോൾ സെന്ററിന്റെ പ്രവർത്തന ചുമതല നിർവ്വഹിക്കുന്നത് .

## കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം, കേരള - സെർട്ട് - കെ

CERT-K

സംസ്ഥാനതല സൈബർ സുരക്ഷാ സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവര വിനിമയ സാങ്കേതികവിദ്യ (ഐസിടി) ഉപയോഗിക്കുന്നതിനുള്ള സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി കേരള സർക്കാർ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം പ്രവർത്തനത്തിന് തുടക്കം കുറിച്ചു. ഗവൺമെൻറിൻറെ സൈബർ സുരക്ഷാ സംവിധാനങ്ങളുടെ വികസനത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ് സെർട്ട് – കെ.

## AWARDS & ACCOLADES

- Digital India Awards 2019
- SKOCH Award 2019
- Technology Sabha 2019
- SKOCH Award 2018

Chief Editor : Director, Kerala State IT Mission
Asst. Editor (Concept &Content) : Manager – Marketing & Communication
Design & Layout : Jiji J, Graduate Trainee
Support : Ammu, Graduate Trainee

ITM Employees Society

# CERTIFICATE ADALATH
# &
# ELECTION WEBCASTING



# MOMENTS TO CHERISH

